സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ട്രെയിനിംഗിലെ സാമ്പത്തിക തിരിമറി

15 (1212) ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ട്രെയിനിംഗിൽ വ്യാജ വൗച്ചറുകൾ സമർപ്പിച്ച് ലക്ഷക്കണക്കിന് രൂപയുടെ തിരിമറി നടത്തിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ തിരിമറിയാണ് നടത്തിയത് ; അതിന് ഉത്തരവാദികളായവരുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് എന്തു നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2,86,903 രൂപയുടെ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായിട്ടാണു രേഖപ്പെടുത്തിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടി.യിലെ മുൻ. അസി. പ്രൊഫസർ കെ. അബ്ദുൾ ഗഫൂർ ആയിരുന്നു ഈ തിരിമറിക്ക് ഉത്തരവാദി.

(സി) ശ്രീ. കെ. അബ്ദുൾ ഗഫൂറിനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് അഡീഷണൽ ഡി.പി.ഐ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ ഗഫൂറിനെ പൊതുവിദ്യാഭ്യാസവകുപ്പിലേക്ക് തിരിച്ചയയ്ക്കുകയും ചെയ്തു. എസ്.സി.ഇ.ആർ.ടി.യിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റ് വിശദമായ അന്വേഷണം നടത്തിവരുന്നു. ഡിപ്പാർട്ടുമെന്റ് നടപടിയും എടുക്കുന്നുണ്ട്.

ഡി.പി.ഐ. ഓഫീസിലെ തപാൽ രജിസ്ട്രേഷൻ

16 (1220) ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഐ. ഓഫീസിൽ ഒരു ദിവസം ശരാശരി എത്ര തപാലുകൾ വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വരുന്ന തപാലുകളിലെ വിഷയവും തീയതിയും വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിവയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കാര്യങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശരാശരി 600 തപാലുകൾ.

(ബി&സി) സർക്കാർ കത്തുകൾ, കോടതിയിൽ നിന്നും ലഭിക്കുന്ന ഒ.പി.കളും അവ സംബന്ധമായ മറ്റു കത്തുകളും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ലഭിക്കുന്ന കത്തുകൾ, രജിസ്റ്റർചെയ്ത് അയക്കുന്ന കത്തുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly